**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1326** **30-06-2026-ൽ മറുപടിയ്ക്ക്**

**കായിക - യുവജനകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** നിയോജകമണ്ഡലങ്ങളിലെ കായിക വികസനത്തിനായി കായിക-യുവജനകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** നിയോജകമണ്ഡലങ്ങളിലെ കായിക വികസനത്തിനായി കായിക യുവജനകാര്യ വകുപ്പ്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

സംസ്ഥാനത്തെ യുവജനങ്ങളുടെ കലാ-കായിക കഴിവുകൾ തിരിച്ചറിയുവാനും പ്രകടിപ്പിക്കുവാനും വികസിപ്പിക്കുവാനും വേദിയൊരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത് മുതൽ സംസ്ഥാനം വരെയുള്ള വിവിധ തലങ്ങളിലായി "കേരളോത്സവം" എന്ന പരിപാടി വിജയകരമായി നടത്തിവരുന്നുണ്ട്. നടപ്പ് വർഷം മറ്റ് വകുപ്പുകളുമായി സഹകരിച്ച് നീന്തൽ പരിശീലനം, തീരദേശ കായികമേള മത്സരങ്ങൾ, മറ്റ് കായിക മത്സരങ്ങൾ, 140 മണ്ഡലങ്ങളിലും പെർഫോമൻസ് സിറ്റി, ഗോത്രവർഗ്ഗ കായികമേള മത്സരങ്ങൾ മുതലായവ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ സാഹസികത ഇഷ്ടപ്പെടുന്നവർക്കായി ട്രക്കിംഗ്, സാഹസിക ക്യാമ്പ്, പാരാസെയിലിങ്, സാഹസിക കായിക മേള മുതലായവയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**കായിക യുവജന കാര്യാലയം**

ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നുണ്ട്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1127.19 കോടി രൂപയുടെ 59 പദ്ധതികൾ കായികവകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റു പ്രാദേശിക/ മേഖലാ സ്റ്റേഡിയങ്ങളും ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തിരം ഇതിൽ 19 പദ്ധതികൾ ഇതിനകം തന്നെ പൂർത്തീകരിക്കുകയും 8 പദ്ധതികൾ പുരോഗമിച്ച് വരികയുമാണ്. 720.86കോടി രൂപ അടങ്കൽ വരുന്ന 31 കിഫ്ബി പദ്ധതികൾ മുൻ എസ്.പി.വി ആയ കിറ്റ്കോയിൽ നിന്ന് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ച് ഉത്തരവ് ആയിട്ടുണ്ട്. അതിൽ 22 പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 11 പദ്ധതികൾക്ക്

കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭ്യമാവുകയും നിലവിൽ 9 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ആയതിൽ 8 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മറ്റ് പദ്ധതി സംബന്ധിച്ച വിശദ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.

**(ബി)** ആലത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

**മറുപടി: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

"കേരളോത്സവ"ത്തിന്റെ ഭാഗമായുള്ള കായിക മത്സരങ്ങൾ സംസ്ഥാന യുവജനക്ഷേമ ബോർഡ് വർഷംതോറും സംഘടിപ്പിക്കുന്നുണ്ട്.

**കായിക യുവജന കാര്യാലയം**

ആലത്തൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.

**(സി)** കായിക ക്ലബ്ബുകളെയും സംഘടനകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

**മറുപടി: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

യുവാക്കളെ സാമൂഹിക വിഷയങ്ങളിൽ പങ്കാളികളാക്കുന്നതിനും അതുവഴി അവരിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹകരണവും സ്പോർട്സ് കിറ്റുകളും, മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് ജില്ലാതല അവാർഡുകളും നൽകി വരുന്നുണ്ട്.

**കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ**

കായിക ക്ലബുകൾക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും ധനസഹായങ്ങൾ ഒന്നും തന്നെ അനുവദിച്ച് നൽകുന്നില്ല. എന്നാൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അംഗീകാരമുള്ള കായിക സംഘടനകൾക്ക് സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കുന്നതിനും, സംസ്ഥാനത്തെ പ്രതിനിധികരിച്ച് ദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്നതിനും, പരിശീലനത്തിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇൻ എയ്ഡ് റൂൾ പ്രകാരം ഗ്രേഡ് അനുസരിച്ച് അർഹമായ ഗ്രാന്റ് അനുവദിച്ച് വരുന്നു. കൂടാതെ ദേശീയ മൽസരങ്ങളിൽ വിജയികളാകുന്നവർക്കും, അംഗീകാരമുള്ള അന്തർ ദേശീയ മൽസരങ്ങളിൽ പങ്കെടുത്ത് വിജയികൾ ആകുന്നവർക്കും, ക്യാഷ് അവാർഡ് നൽകിവരുന്നു. അന്താരാഷ്ട്ര പങ്കാളിത്തത്തിന് മുമ്പ് അഖിലേന്ത്യാ കോച്ചിംഗ് ക്യാമ്പുകളിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന കേരള സംസ്ഥാനത്ത് നിന്നുള്ള കളിക്കാരുടെ TA/ Wayside ചെലവുകൾ വഹിക്കുന്നതിനുള്ള ഗ്രാന്റ് അനുവദിച്ച് വരുന്നു. ദേശീയ ടീമിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളിലെ കളിക്കാർക്കും ഒഫിഷ്യൽസിനും ഇന്ത്യയ്ക്കുള്ളിൽ കിറ്റിംഗും മറ്റ് ചെലവുകളും വഹിക്കുന്നതിന് പ്രത്യേക ഗ്രാന്റ് അനുവദിച്ച് വരുന്നു. ദേശീയ ടീമുകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും സെലക്ഷൻ കമ്മിറ്റിയിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും ഭാരവാഹികളുടെയും ടിഎ/ഡിഎ കൂടിക്കാഴ്ചയും ഫെഡറേഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള ഗ്രാന്റ് അനുവദിച്ച് വരുന്നു. ജില്ലാ സ്പോർട്സ് അസോസിയേഷനുകൾക്കു വാർഷിക ധനസഹായ ഗ്രാന്റ്, എല്ലാ അംഗീകൃത സ്പോർട്സ് അസോസിയേഷനുകൾക്കും അവരുടെ ഓഫീസിന്റെ

അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജുകൾക്കും അറ്റകുറ്റപ്പണികൾക്കുമായി പ്രതിവർഷം 7000 രൂപ വീതം നല്കുന്നതിന് ഗ്രാൻഡ്-ഇൻ-എയ്ഡ് റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലോക ചാമ്പ്യൻഷിപ്പുകൾ, ദക്ഷിണേഷ്യൻ ചാമ്പ്യൻഷിപ്പുകൾ, ഏഷ്യൻ ചാമ്പ്യൻഷിപ്പുകൾ, ഏഷ്യ-പസഫിക് ചാമ്പ്യൻഷിപ്പുകൾ, സംസ്ഥാനത്തിനകത്ത് നടക്കുന്ന ദേശീയ, ദക്ഷിണ മേഖല ചാമ്പ്യൻഷിപ്പുകൾക്കുള്ള സാമ്പത്തിക സഹായം തുടങ്ങിയവയുടെ നടത്തിപ്പിൽ കൗൺസിലുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷന് സാങ്കേതിക/സാമ്പത്തിക സഹായം നൽകുന്നത് സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിച്ച് അനുവദിക്കുന്നതിന് ഗ്രാൻഡ് ഇൻ എയ്ഡ് റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് .

**<u>കായിക യുവജന കാര്യാലയം</u>**

കേരള സംസ്ഥാനത്ത് കായിക മേഖലയുടെ ഉന്നമനവും വികസനവും ലക്ഷ്യമിട്ട് ഗവൺമെൻറ് എയ്ഡഡ് സ്കൂൾ/ക്ലബ്ബ്/ കായിക സംഘടനകൾ/ സർക്കാർ ഓഫീസുകളിലെ സ്പോർട്സ് റിക്രിയേഷൻ ക്ലബ്ബുകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. 2025-26 സാമ്പത്തിക വർഷം ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**(ഡി)** യുവതലമുറയിലെ ലഹരി ഉപയോഗം പ്രതിരോധിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;അവയുടെ വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** ലഹരി ഉപയോഗത്തിന്റെ ദോഷങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സെമിനാറുകൾ, കലാജാഥകൾ മുതലായവ സംഘടിപ്പിക്കുകയും ലഹരിവിരുദ്ധ ദിനം ആചരിക്കുകയും ചെയ്യുന്നുണ്ട്. യുവാക്കളുടെ സന്നദ്ധ സേനയായ ടീം കേരള' ലഹരി ഉൾപ്പെടെയുള്ള സാമൂഹിക തിന്മകൾക്കെതിരായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**(ഇ)** കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ കായിക-യുവജനകാര്യ വകുപ്പ് മുഖേന പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽ കായിക മേഖലയുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും നൽകാമോ?

**<u>മറുപടി:</u>** **<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്</u>**

കേരളോത്സവം നടത്തുന്നതിനായി 2022 ലും 2023 ലും ഒരു ലക്ഷം രൂപ വീതവും 2025 ൽ 10,000/- രൂപയും ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന് യുവജനക്ഷേമ ബോർഡ് അനുവദിച്ചിരുന്നു. കൂടാതെ യുവജനങ്ങളെ നീന്തൽ പരിശീലിപ്പിക്കുന്നതിനായി 2023-ൽ 10,795/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

**<u>കായിക യുവജന കാര്യാലയം</u>**

ആലത്തൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം -1**

ഗോൾ പദ്ധതി.

കേരളത്തിലെ 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഫുട്ബോളിൽ ശാസ്ത്രീയ പരിശീലനം നൽകി പ്രതിഭകളെ കണ്ടെത്തി വളർത്തുന്നതിനായി കായിക യുവജനകാര്യാലയം നടപ്പിലാക്കിയ പദ്ധതിയാണ്. സംസ്ഥാനത്തെ 140 കേന്ദ്രങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് തീവ്രപരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-ൽ പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിലിന് കൈമാറിയെങ്കിലും സാങ്കേതിക തടസങ്ങൾ കാരണം തുടരാനായില്ല. 2026-27 സാമ്പത്തിക വർഷം മുതൽ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോംബാറ്റ് സ്പോർട്സ് - ഗ്രാസ് റൂട്ട് പ്രോഗ്രാം (പഞ്ച് . ജൂഡോക. തായ്ക്കോണ്ടോ).

തായ്ക്കോണ്ടോ, ബോക്സിംഗ്, ജൂഡോ തുടങ്ങിയ പോരാട്ട കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിലൂടെ കുട്ടികളെ സ്വയം പ്രതിരോധത്തിനായി സജ്ജരാക്കുകയും ദേശീയ, അന്തർദേശീയ ടൂർണമെൻറുകളിൽ മികവ് പുലർത്താൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജൂഡോയ്ക്ക് ജൂഡോകയും ബോക്സിംഗിന് പഞ്ചുമാണ് നിർദ്ദിഷ്ട പദ്ധതികൾ. ഈ പരിപാടി 14 ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഹൂപ്സ് പദ്ധതി.

ബാസ്കറ്റ്ബോൾ അടിസ്ഥാന തല വികസനത്തിനായി കേരളത്തിലെ 8-12 വയസ്സുള്ള കുട്ടികൾക്കായി 10 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയാണ്. ആരോഗ്യകരവും ഊർജ്ജസ്വലവും ഉത്തരവാദിത്തമുള്ളതുമായ സമൂഹം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യാലയം ആരംഭിച്ചിട്ടുണ്ട്.

സ്പ്രിൻറ് പദ്ധതി.

സ്പ്രിന്റ് പദ്ധതി അത്ലറ്റിക്സിലെ മികവ് വളർത്തുന്നതിനായി നിലവിൽ 6 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. സെലക്ഷൻ ട്രയൽസിലൂടെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക അത്ലറ്റിക്സ് പരിശീലനം നൽകുന്നു. പദ്ധതി 14 ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സ്പ്ലാഷ് പദ്ധതി.

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നല്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ സ്പ്ലാഷ്, പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് നടപ്പിലാക്കിയിരുന്നത്. കോവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത

പരിശീലന പദ്ധതി നിർത്തിവെച്ചിരുന്നു. ടി പദ്ധതി പുനരാരംഭിക്കുന്നതിനും കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

ഹെൽത്തി കിഡ്സ് പദ്ധതി.

പ്രൈമറി സ്കൂൾ തലത്തിൽ ശാരീരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിലെ 55 LP സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ വിവിധതരം കളികളിൽ അഭിരുചി വളർത്തിയെടുക്കാൻ സഹായിക്കുക, സ്കൂളുകളെ കായിക കേന്ദ്രങ്ങളാക്കി മാറ്റുകയും സ്കൂൾ കുട്ടികൾക്കിടയിൽ പതിവ് ശാരീരിക പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം കേരളത്തിലെ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി കായിക വിനോദങ്ങൾ ഉൾപ്പെടുത്തുക എന്നതാണ് അന്തിമ ലക്ഷ്യം. കൂടാതെ കേരളത്തിലെ മുഴുവൻ ലോവർ പ്രൈമറി സ്കൂളുകളിലും പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം -2**

| ക്രമ നം. | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കിഴക്കാഞ്ചേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് | 2.13 കോടി | ഗ്രൗണ്ട് ഡെവലപ്മെൻറ് പ്രവൃത്തി 90% പൂർത്തീകരിച്ചു, ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഡിസംബർ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. | നിലവിൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചി ട്ടില്ല. |
| 2 | CVMHSS ഗ്രൗണ്ട് വണ്ടാഴി, പാലക്കാട് | 95.73 ലക്ഷം | പ്രസ്തുത പ്രവൃത്തിക്കായി ശ്രീ. ജോർജ്ജ് റോബിൻസൺ എന്ന കരാറുകാരനുമായി 04.08.2022 തീയ്യതിയിൽ കരാറിലേർപ്പെട്ടിരുന്നു. ടി പ്രവൃത്തിയിൽ മഡ്കോർട്ട്, ടോയിലറ്റ്, ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, കോമ്പൗണ്ട് വാൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവൃത്തിയിൽ കോമ്പൗണ്ട് വാളിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ മാത്രമാണ് കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ 5% പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ടി പ്രവൃത്തിയിൽ പുരോഗതി | നിലവിൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | ഇല്ലാതിരുന്നതിനാൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമ പ്രകാരം കരാറു കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും, തുടർന്ന് ടി പ്രവൃത്തിയുടെ റീ ടെണ്ടർ ക്ഷണിക്കുകയും ശ്രീ മാത്യൂസ്, ഇടുക്കി എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. | |
| 3 | അക്വാട്ടിക് അക്കാഡമി, ആലത്തൂർ | 2.00 കോടി | പ്രസ്തുത പ്രവൃത്തിക്കായി ശ്രീ. ശ്രീജിത്ത്. എ എന്ന കരാറുകാരനുമായി 30.06.2023 തീയ്യതിയിൽ കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 14.05.2025 തീയ്യതിയിലെ കരാറുകാരന്റെ കത്ത് പ്രകാരം പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്യുവാൻ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ 01.08.2024 തീയ്യതിയിലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുകയും, പുതുക്കിയ ഡിസൈൻ | നിലവിൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | തയ്യാറാക്കി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ശ്രീ. മമ്മദ്. കെ, മലപ്പുറം എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്.<br><br>02.06.2025 തീയ്യതിയിൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിയെങ്കിലും മഴ കാരണം പ്രസ്തുത കുളം നിറഞ്ഞു കിടക്കുന്ന അവസ്ഥയിലായതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. നിലവിൽ പ്രവൃത്തി ആരംഭിക്കുകയും 30%പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>2026 നവംബർ മാസം അവസാനത്തോട്ടു കൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. | |
| 4 | ജി.എൽ.പി.എസ് പെരുംകുന്നം ഗ്രൗണ്ട്, കുഴൽമന്ദം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 80 ലക്ഷം | റീട്ടൈനിംഗ് വാൾ, എർത്ത് ഫില്ലിംഗ്, ഗ്യാലറി, എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിംഗ്, ഫ്ളെഡ് ലൈറ്റ് എന്നീ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഓഗസ്റ്റ് മാസം അവസാനത്തോട്ടു കൂടി പ്രവൃത്തി പൂർത്തീകരികരിക്കാൻ കഴിയും. | നിലവിൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| 5 | കാട്ടുശ്ശേരി ഗവ എൽ പി. സ്കൂൾ ഇൻഡോർ സ്റ്റേഡിയം | 77.73 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു | 75,75,678/- |
| 6 | എരിമയൂർ ഗവൺമെൻ്റ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, പാലക്കാട് | 1.06 കോടി | പ്രവൃത്തി പൂർത്തീകരിച്ചു | 82,16,297/- |
| 7 | തേൻകുറിശ്ശി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, പാലക്കാട് | 95.73 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു | 80,67,216/- |
| 8 | MNKMHSS ഗ്രൗണ്ട് മേലാർകോട്, പാലക്കാട് | 2.13 കോടി | പ്രവൃത്തി പൂർത്തീകരിച്ചു | 1,99,88,103 |
| 9 | കുഴൽമന്ദം സി.എ. എച്ച്.എസ്.എസ് സ്കൂൾ സ്റ്റേഡിയം, പാലക്കാട് | 1.02 കോടി | പ്രവൃത്തി പൂർത്തീകരിച്ചു | നിലവിൽ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല |
| 10 | കുനിശ്ശേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് | 95.73 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു | 68,62,586/- |

**സെക്ഷൻ ഓഫീസർ**